LIBRARY ARCHIVES Kerala Legislative Assembly

കെട്ടിട നിർമ്മാണത്തിലെ നിയമതടസ്സങ്ങൾ

344 (1788) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് പ്രദേശങ്ങളിൽ മൂന്ന് സെന്റിൽ താഴെ വസ്തു ഉള്ളവർക്ക് കെട്ടിട നിർമ്മാണത്തിന് നിയമതടസ്സങ്ങൾ എന്തെങ്കിലും നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) മൂന്നിൽ താഴെ സെന്റ് സ്ഥലം മാത്രം കൈവശമുള്ളവർക്ക് റോഡ് വികസനത്തിനും മറ്റും ആവശ്യമെങ്കിൽ വസ്തു സറണ്ടർ ചെയ്യാം എന്ന വ്യവസ്ഥയിൽ കെട്ടിട നിർമ്മാണത്തിന് പ്രത്യേക അനുമതി നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി, 3 സെന്റിൽ താഴെ വസ്തു ഉള്ളവർക്ക് കെട്ടിട നിർമ്മാണം നടത്തുന്നതിന് നിയമ തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) റോഡ് വികസനത്തിനും മറ്റും ആവശ്യമെങ്കിൽ വസ്തു സറണ്ടർ ചെയ്യാം എന്ന വ്യവസ്ഥയിൽ കെട്ടിട നിർമ്മാണത്തിന് പ്രത്യേക അനുമതി നൽകാൻ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥയില്ല. എന്നാൽ റോഡു വികസനത്തിനായി ഭൂമി സൗജന്യമായി വിട്ടുകൊടുക്കുന്നപക്ഷം, ബാക്കി പ്ലോട്ടിൽ നിർമ്മാണം നടത്തുന്നതിനുള്ള ലഘൂകൃത വ്യവസ്ഥകൾ പ്രസ്തുത ചട്ടങ്ങളിലെ അദ്ധ്യായം XI-ൽ പ്രതിപാദിയ്ക്കുന്നുണ്ട്.

എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിലെ തണ്ണീർത്തട നീർത്തട പദ്ധതി

345 (1789) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തു പരിധിയിൽ വരുന്ന തണ്ണീർത്തട നീർത്തട പദ്ധതിയിൽ വരുന്ന പ്രദേശത്തിന്റെ ഡേറ്റാ ബാങ്ക് പ്രസിദ്ധപ്പെടുത്തുമോ ;